ശമീർ മദീനി

# നാല്

## എന്തിനാണ് ദഅ്‌വത്ത്? (a)

തിന്മയുടെ അന്ധകാരത്തിൽനിന്ന് ജനങ്ങളെ നന്മയുടെ വെളിച്ചത്തിലേക്ക് നയിക്കുക എന്നതായിരിക്കണം ദഅ്‌വത്തിന്റെ ലക്ഷ്യം. സത്യം അറിയിച്ചുകൊടുക്കുകയും അത് സ്വീകരിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും വേണം. നരകശിക്ഷയിൽനിന്നും അല്ലാഹുവിന്റെ കോപത്തിൽനിന്നും രക്ഷപ്പെടാനും സ്വർഗീയ ജീവിതം കരഗതമാക്കി റബ്ബിന്റെ തൃപ്തിനേടാനും ആ വെളിച്ചം സ്വീകരിക്കുക മാത്രമെ വഴിയുള്ളൂവെന്നും സ്വന്തം മനസ്സിനെയും പ്രബോധിതനെയും ഒരുപോലെ ബോധ്യപ്പെടുത്താൻ പ്രബോധകന് സാധിക്കേണ്ടതുണ്ട്. ഖുർആൻ അവതരിപ്പിക്കപ്പെട്ടതിന്റെ ലക്ഷ്യമായി അല്ലാഹു പറയുന്നു:

الٓر ۚ كِتَـٰبٌ أَنزَلْنَـٰهُ إِلَيْكَ لِتُخْرِجَ ٱلنَّاسَ مِنَ ٱلظُّلُمَـٰتِ إِلَى ٱلنُّورِ بِإِذْنِ رَبِّهِمْ إِلَىٰ صِرَٰطِ ٱلْعَزِيزِ ٱلْحَمِيدِ

"അലിഫ് ലാം റാ, മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതിപ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ട് വരാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത് പ്രതാപിയും സ്തുത്യർഹനുമായിട്ടുള്ളവന്റെ മാർഗത്തിലേക്ക്"(14:1)

ٱللَّهُ وَلِىُّ ٱلَّذِينَ ءَامَنُوا۟ يُخْرِجُهُم مِّنَ ٱلظُّلُمَـٰتِ إِلَى ٱلنُّورِ وَٱلَّذِينَ كَفَرُوٓا۟ أَوْلِيَآؤُهُمُ ٱلطَّـٰغُوتُ يُخْرِجُونَهُم مِّنَ ٱلنُّورِ إِلَى ٱلظُّلُمَـٰتِ

"വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. എന്നാൽ സത്യനിഷേധികളുടെ രക്ഷാധികാരികൾ ദുർമൂർത്തികളാകുന്നു. വെളിച്ചത്തിൽനിന്ന് ഇരുട്ടുകളിലേക്കാണ് ആ ദുർമൂർത്തികൾ അവരെ നയിക്കുന്നത്..."(2: 257)

പിശാചിന്റെ കെണികളിൽനിന്നും കുതന്ത്രങ്ങളിൽനിന്നും ദേഹേഛകളുടെ ആധിപത്യത്തിൽനിന്നും മനുഷ്യനെ മോചിപ്പിച്ച് അല്ലാഹുവിന് വഴിപ്പെട്ട് പ്രവാചകപാതയിലൂടെ ശാന്തിയുടെയും സമാധാനത്തിന്റെയും ശാശ്വതഭവനത്തിലേക്ക് അവരെ നയിക്കലായിരിക്കണം പ്രബോധനത്തിലൂടെ പ്രധാനമായും ഉദ്ദേശിക്കേണ്ടത്.

ദഅ്‌വത്ത് എങ്ങനെ നിർവഹിക്കണം?

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ وَجَٰدِلْهُم بِٱلَّتِى هِىَ أَحْسَنُ

"യുക്തിദീക്ഷയോടുകൂടിയും സദുപദേശംമുഖേനയും നിൻെറ രക്ഷിതാവിൻെറ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ലരീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക...." (16:125)

الحكمة والمراد بها الأدلة المقنعة الواضحة الكاشفة للحق، والداحضة للباطل. ( الدعوة إلى الله وأخلاق الدعاة للشيخ عبد العزيز عبد الله بن باز : ص : ٢٥)

ശൈഖ് ഇബ്നുബാസ് പറയുന്നു: "ഹിക്മത്ത് കൊണ്ടുള്ള വിവക്ഷ സത്യം വെളിപ്പെടുത്തുകയും അസത്യത്തെ തകർക്കുകയും ചെയ്യുന്ന സുവ്യക്തമായ തെളിവുകളാണ്" (അദ്ദഅ്‌വതു ഇലല്ലാഹി, പേജ്:25).

ഇതിൽ ഖുർആനും സുന്നത്തും ഒന്നാമതായി വരുന്നു. ഇബ്നുബാസ് തുടരുന്നു:

فالحكمة كلمة تمنع من سمعها من المضي في الباطل، وتدعوه إلى الأخذ بالحق والتأثر به، والوقوف عند الحد الذي حده الله عز وجل. ( الدعوة إلى الله وأخلاق الدعاة للشيخ عبد العزيز عبد الله بن باز :ص : ٢٧)

"നിരർഥകമായ സർവതിൽനിന്നും തടയുന്നതും സത്യമുൾക്കൊള്ളാനും അല്ലാഹു നിർണയിച്ച പരിധിയിൽനിൽക്കാനും പ്രേരിപ്പിക്കുന്നതുമായ ഏത് വാക്കും 'ഹിക്മത്ത്' എന്ന പദത്തിൻെറ പരിധിയിൽവരും" (അതേപുസ്തകം, പേ: 27).

പ്രബോധിതനെ അടുത്തറിഞ്ഞ് നല്ല രീതിയിലായിരിക്കണം പ്രബോധകൻ പ്രവർത്തിക്കേണ്ടത്. പരുക്കൻ സ്വഭാവമുള്ളവരോ ഒറ്റയടിക്ക് ഉപദേശം സ്വീകരിക്കാത്തവരോ ആയിരുന്നാൽപോലും മാന്യമായ രീതിയിൽ സംസാരിക്കാനും ചർച്ച ചെയ്യാനും വൈകല്യങ്ങളും വീഴ്ചകളും സൗമ്യമായി തിരുത്താനും പ്രബോധകന് സാധിക്കേണ്ടതുണ്ട്. ഫിർഔനിൻെറ അടുക്കലേക്ക് പോയ മൂസാനബിയോടും ഹാറൂൻ നബിയോടും അല്ലാഹു പറഞ്ഞത് കാണുക:

فَقُولَا لَهُۥ قَوْلًا لَّيِّنًا لَّعَلَّهُۥ يَتَذَكَّرُ أَوْ يَخْشَىٰ

"എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരുവേള ചിന്തിച്ചു മനസ്സിലാക്കിയേക്കാം..." (20:44).

മുഹമ്മദ്നബി(ﷺ)യെക്കുറിച്ച് ഖുർആൻ പറഞ്ഞതും ശ്രദ്ധേയ മാണ്:

فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ ٱلْقَلْبِ لَٱنفَضُّوا۟ مِنْ حَوْلِكَ ۖ فَٱعْفُ عَنْهُمْ وَٱسْتَغْفِرْ لَهُمْ

"(നബിയേ), അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യംകൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവി യും കഠിനഹൃദയനുമായിരുന്നെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്കു മാപ്പു കൊടുക്കുകയും അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യു ക..." (3:159).

വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിലും യുക്തിഭദ്രമാ യ ശൈലിയിലുമായിരിക്കണം പ്രബോധനം നടത്തേണ്ടത്. പ്രതികാ രാത്മകമോ പ്രകോപനപരമോ ആയ ശൈലികൾ ഒഴിവാക്കുകയാണ് വേണ്ടത്. എന്നാൽ പ്രബോധിതൻ അതിക്രമത്തിന്റെപാത സ്വീകരി ക്കുകയാണെങ്കിൽ കാർക്കശ്യത്തോടെ പ്രതികരിക്കാൻ പ്രബോധ കന് ഇസ്‌ലാം അവസരം നൽകുന്നുണ്ട്:

يَٰٓأَيُّهَا ٱلنَّبِىُّ جَٰهِدِ ٱلْكُفَّارَ وَٱلْمُنَٰفِقِينَ وَٱغْلُظْ عَلَيْهِمْ ۚ وَمَأْوَىٰهُمْ جَهَنَّمُ

"ഓ, നബിയേ! സത്യനിഷേധികളോടും കപടവിശ്വാസികളോടും നീ സമരം ചെയ്യുകയും അവരോട് പരുഷമായി പെരുമാറുകയും ചെയ്യുക. അവരുടെ സങ്കേതം നരകമാകുന്നു....." (66:9).

وَلَا تُجَٰدِلُوٓا۟ أَهْلَ ٱلْكِتَٰبِ إِلَّا بِٱلَّتِى هِىَ أَحْسَنُ إِلَّا ٱلَّذِينَ ظَلَمُوا۟ مِنْهُمْ ۖ وَقُولُوٓا۟ ءَامَنَّا بِٱلَّذِىٓ أُنزِلَ إِلَيْنَا وَأُنزِلَ إِلَيْكُمْ وَإِلَٰهُنَا وَإِلَٰهُكُمْ وَٰحِدٌ وَنَحْنُ لَهُۥ مُسْلِمُونَ

"വേദക്കാരോട് ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ സംവാദം നടത്തരുത്- അവരിൽനിന്ന് അക്രമം പ്രവർത്തിച്ചവരോടൊഴികെ. നിങ്ങൾ (അവരോട്) പറയുക: ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒരുവനാകുന്നു. ഞങ്ങൾ അവന്ന് കീഴ്പെട്ടവരുമാകുന്നു" ( 29:46).

തുടരും...